# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1679</u>** **<u>10/03/2020-ൽ മറുപടിക്ക്</u>**

## <u>ഐ.റ്റി. മേഖലയിലെ വികസനം</u>

**ചോദ്യം** **മറുപടി**

**ശ്രീ.രാജു എബ്രഹാം** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.റ്റി. മേഖലയിൽ മാത്രമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ഐ.ടി പാർക്കുകളിലെ 296 കമ്പനികളിലായി പുതിയതായി ഏകദേശം 22,710 പ്രത്യക്ഷമായും അതിന്റെ മൂന്നിരട്ടി പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഐ.ടി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പാർക്കുകളിൽ പശ്ചാത്തല സൗകര്യ വികസനങ്ങളും നിലവിലുള്ള സൗകര്യങ്ങളുടെ വിപുലീകരണവും നടപ്പിലാക്കിവരുന്നു.<br>തിരുവനന്തപുരം ടെക്നോസിറ്റിയിലെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന-തിന്റെ ഭാഗമായി 11 KV/31 KV കേബിളുകൾ, RMU വൈദ്യുതി സംവിധാനം, എന്നിവയുൾപ്പെടെ നടപ്പിലാക്കിവരുന്നു. വൈദ്യുതി-ജല സംവിധാനത്തിനുള്ള പ്രവർത്തനങ്ങളുടെ ഏകദേശം 70% ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ടെക്നോസിറ്റി-യിൽ കിഫ്ബി ഫണ്ടിങ്ങോടുകൂടി |

| | | | |
|---|---|---|---|
| | | | കെ.എസ്.ഐ.ടി.ഐ.എൽ നിർമ്മിക്കുന്ന 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കി ഐ.ടി സംരംഭങ്ങൾ ആരംഭിക്കും. ഒന്നാം ഘട്ടത്തിൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ എന്നീ കമ്പനികൾ മൂന്നാം ഘട്ടത്തിൽ ടോറസ് ഗ്രൂപ്പിന്റെ ഐ.ടി / നോൺ ഐ.ടി വ്യവസായ സംരംഭങ്ങൾ, VSSC യുടെ സ്പെയിസ് സയൻസ് പാർക്ക്, ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രെയ്ഡ് സെന്റർ, നിസ്സാൻ ഡിജിറ്റൽ എന്നിവ വരും വർഷങ്ങളിൽ ആരംഭിക്കുന്ന പുതിയ പദ്ധതികളാണ്.<br>കൊച്ചി ഇൻഫോപാർക്കിൽ കേരള ഐ.ടി വ്യവസായ വ്യാപനത്തിന്റെ ഭാഗമായി നേരിട്ടും ഉപസംരംഭകരായ നിക്ഷേപകരുടെയും സഹകരണത്തോട് കൂടി ഇതിനോടകം 80 ലക്ഷം ചതുരശ്ര അടി ഐ ടി സ്പേസുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡാറ്റാ ബാങ്ക് രംഗത്ത് പ്രവർത്തിക്കുന്ന പൈ ഡാറ്റാ സെന്റർ എന്ന കമ്പനി ഇൻഫോപാർക്കിൽ ഇതിനോടകം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇത് കൂടാതെ ചേർത്തല ഇൻഫോ പാർക്കിൽ ഡാറ്റ ബാങ്ക് കമ്പനിയായ റാക്ക് ബാങ്ക് നിക്ഷേപം നടത്താനുള്ള പ്രാരംഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>കോഴിക്കോട് സൈബർ പാർക്കിന്റെ 2.88 |

| | | | |
|---|---|---|---|
| | | | ലക്ഷം ച.അടിയുള്ള ആദ്യ ഐ.ടി ബിൽഡിംഗിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൈബർ പാർക്കിൽ 12300 ചതുരശ്ര സ്പേസ് മൊബൈൽ ഇൻക്യൂബേഷനു വേണ്ടി നൽകിയിട്ടുണ്ട്. |
| സി)<br><br><br><br><br>ഡി) | എല്ലാ ജില്ലയിലും ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം എത്ര ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;<br><br>ബാക്കിയുള്ള ജില്ലകളിൽ ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി)<br>&<br>ഡി) | ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ഐ.ടി മേഖലയിൽ പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവം നിലനിൽക്കുന്ന പ്രവണതയാണുള്ളത്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഐ.ടി പാർക്ക് ആരംഭിച്ച് വിജയകരമായി മുന്നോട്ടു പോകുന്നതിന് പരിമിതികളുണ്ട്. ഐ.ടി പാർക്കുകളുടെ വികസനം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സാമീപ്യം, പ്രദേശത്തെ വളരെ ഉയർന്ന ജീവിത നിലവാരത്തിന് തക്കവിധമുള്ള സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ എന്നിവ പോലുള്ള ഉപരിഘടങ്ങളേയും ആശ്രയിച്ചാണിരിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ ഐ.ടി പാർക്ക് ആരംഭിച്ച് മുന്നോട്ടു കൊണ്ടു പോകുന്നതിന് പരിമിതികളുണ്ട്. |

**സെക്ഷൻ ഓഫീസർ**